**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2605** **07-07-2022 - ൽ മറുപടിയ്ക്ക്**

**പലിശനിരക്ക് നിശ്ചയിക്കുന്നതിനുള്ള സംവിധാനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അബ്ദുൽ ഹമീദ് പി | | ശ്രീ. വി.എൻ വാസവൻ<br>(സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി) | |
| (എ) | കേരള ബാങ്ക് രൂപീകരണത്തോടുകൂടി സംസ്ഥാനത്തെ വായ്പാ സംഘങ്ങളുടെ പലിശ നിരക്ക് നിശ്ചയിക്കുന്നതിനുള്ള സെൻട്രൽ ബാങ്ക് മീറ്റിംഗ് നടക്കുന്നില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | കേരളാ ബാങ്ക് രൂപീകരണത്തോടുകൂടി സംസ്ഥാനത്തെ സഹകരണ മേഖല ത്രിതല സംവിധാനത്തിൽ നിന്നും ദ്വിതല സംവിധാനത്തിലേക്ക് മാറുകയും തുടർന്ന് മലപ്പുറം ഒഴികെയുള്ള ജില്ലാ സഹകരണ ബാങ്കുകൾ (സെൻട്രൽ ബാങ്കുകൾ) ഇല്ലാതെയാകുകയും ചെയ്തു. ഇതേ തുടർന്ന് പലിശ നിർണ്ണയം എന്നിവയടക്കം സഹകരണ മേഖലയിലെ സുപ്രധാന തീരുമാനങ്ങൾ എടുത്തിരുന്ന സെൻട്രൽ ബാങ്ക് കോൺഫറൻസിനുള്ള പകരം സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. ബഹു. സഹകരണ വകുപ്പ് മന്ത്രി അദ്ധ്യക്ഷനായി ബന്ധപ്പെട്ടവരെ ഉൾപ്പെടുത്തി ഒരു ഉന്നതതല സമിതി രൂപീകരിച്ചിട്ടുണ്ട്. ഇപ്രകാരം രൂപീകരിച്ച ഉന്നതതല സമിതി 09.02.2022 ൽ ചേരുകയും സംസ്ഥാനത്തെ നിക്ഷേപ വായ്പാ പലിശ നിരക്ക് പുതുക്കി നിശ്ചയിക്കുകയും ചെയ്തിട്ടുണ്ട്. |
| (ബി) | പലിശനിരക്ക് നിശ്ചയിക്കുന്നതിനായി പകരം മറ്റെന്തെങ്കിലും സംവിധാനം ആലോചനയിലുണ്ടോ; വ്യക്തമാക്കാമോ? | (ബി) | കേരളാ ബാങ്ക് രൂപീകരണത്തോടുകൂടി സംസ്ഥാനത്തെ സഹകരണ മേഖല ത്രിതല സംവിധാനത്തിൽ നിന്നും ദ്വിതല സംവിധാനത്തിലേക്ക് മാറുകയും തുടർന്ന് മലപ്പുറം ഒഴികെയുള്ള ജില്ലാ സഹകരണ ബാങ്കുകൾ (സെൻട്രൽ ബാങ്കുകൾ) ഇല്ലാതെയാകുകയും ചെയ്തു. ഇതേ തുടർന്ന് പലിശ നിർണ്ണയം എന്നിവയടക്കം സഹകരണ മേഖലയിലെ സുപ്രധാന തീരുമാനങ്ങൾ എടുത്തിരുന്ന സെൻട്രൽ ബാങ്ക് കോൺഫറൻസിനുള്ള പകരം സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. ബഹു. സഹകരണ വകുപ്പ് മന്ത്രി അദ്ധ്യക്ഷനായി ബന്ധപ്പെട്ടവരെ ഉൾപ്പെടുത്തി ഒരു ഉന്നതതല സമിതി രൂപീകരിച്ചിട്ടുണ്ട്. ഇപ്രകാരം രൂപീകരിച്ച ഉന്നതതല സമിതി 09.02.2022 ൽ ചേരുകയും സംസ്ഥാനത്തെ നിക്ഷേപ വായ്പാ പലിശ നിരക്ക് പുതുക്കി നിശ്ചയിക്കുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ